**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2522** **12-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്തുകളെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്തുകൾക്ക് തനത് ഫണ്ട് വളരെ കുറഞ്ഞ് പോകുന്ന സാഹചര്യത്തിലും അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആറുകളിലെയും തോട്ടകളിലെയും മണൽ വാരുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് പഞ്ചായത്തുകളുടെ ഫണ്ട് ഉയർത്തുന്നതിന് സഹായകരമാവുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ നിലവിൽ സംസ്ഥാനത്തെ നദികളിൽ നിന്നുള്ള നിയമാനുസൃത മണൽ വാരൽ നിർത്തി വച്ചിരിക്കുകയാണ്. സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽ വാരൽ നിരോധനം 06/06/2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, MOEF & CC യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും തയ്യാറാക്കിയ District Survey Report ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority യിൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമാക്കിയതിന് ശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് കടവ് കമ്മിറ്റികൾ മുഖാന്തിരം മണൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരികയാണ്. നിലവിൽ സർക്കാർ തലത്തിൽ ടി വിഷയം സംബന്ധിച്ച് ചർച്ചകൾ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ